**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2399**
**08.03.2017 ലെ മറുപടിയ്ക്ക്**

## കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.വി. കെ. സി. മമ്മത് കോയ**<br>**ശ്രീ.ബി.സത്യൻ**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.കാരാട്ട് റസാഖ്** | | ബഹു: ധനകാര്യവും കയറും വകുപ്പമന്ത്രി<br>**ഡോ: ടി. എം. തോമസ് ഐസക്** |
| **എ** | കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; വിശദമാക്കാമോ; | ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. വകുപ്പിൽ നിന്നും സമർപ്പിക്കുന്ന വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സർക്കാർ തലത്തിൽ പരിശോധനക്ക് വിധേയമാക്കാറുണ്ട്. കൂടാതെ വകുപ്പിന്റെ വിവിധ ബിസിനസുകൾ, കമ്പ്യൂട്ടർവൽക്കരണം, ക്ലെയിം തീർപ്പാക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട് അഡിഷണൽ ചീഫ് സെക്രട്ടറി തലത്തിൽ സമയാസമയങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. |
| **ബി** | പ്രസ്തുത വകുപ്പ് മുഖേന പൊതുജനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന തരത്തിലുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | സംസ്ഥാന സർക്കാരിന് കീഴിലുള്ള സർക്കാർ, അർദ്ധ സർക്കാർ , പൊതുമേഖലാ സ്ഥാപനങ്ങളുടേയും, ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പാക്കുന്നതിന് മാത്രമേ ഇൻഷ്വറൻസ് ആക്ട് പ്രകാരവും ഇൻഷ്വറൻസ് റഗുലേറ്ററി ആന്റ് ഡവലപ് മെന്റ് അതോറിറ്റി ഓഫ് ഇന്ത്യ -യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവും അനുമതി ലഭിച്ചിട്ടുള്ളൂ. പൊതു ജനങ്ങളിൽ നിന്ന് നേരിട്ട് പ്രീമിയം സ്വീകരിച്ചു കൊണ്ടുള്ള ഇൻഷ്വറൻസ് പദ്ധതികൾ ആവിഷ്കരിക്കുവാൻ ഇൻഷ്വറൻസ് വകുപ്പിന് ഇൻഷ്വറൻസ് റഗുലേറ്ററി ആന്റ് ഡവലപ് മെന്റ് അതോറിറ്റി ഓഫ് ഇന്ത്യ - യുടെ അനുമതിയില്ല. |
| **സി** | വകുപ്പിനെ സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഇൻഷ്വറൻസ് കമ്പനിയായി രൂപാന്തരപ്പെടുത്തി മറ്റു | 1.10.2014 ലെ സ.ഉ.(അച്ചടി) നം. 428/2014/ധന പ്രകാരം സഹകരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ സർക്കാർ |

| | | |
|---|---|---|
| | ഇൻഷ്വറൻസ്/ബിസിനസ്സ് മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ച് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഇടപെടുവാൻ പ്രാപ്തമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ? | ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ജനറൽ ഇൻഷ്വറൻസ് ഇൻഷ്വറൻസ് വകുപ്പ് മുഖേന ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് വകുപ്പിന്റെ ബിസിനസ് മെച്ചപ്പെടുത്തുന്നതിനായി 08.08.2016 ലെ സ. ഉ.(സാധാ)6610/2016/ധന പ്രകാരം ഒരു ഇൻഷ്വറൻസ് കൺസൾട്ടന്റിനെ നിയമിക്കാൻ തീരുമാനമായിട്ടുണ്ട്. ടിയാളുടെ നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ച് ബിസിനസ് മറ്റ് മേഖലകളിൽ വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ